**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 354** **23-01-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകളുള്ളതെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | i)കുന്നോത്ത്പറമ്പ ഗ്രാമ പഞ്ചായത്ത്- സെക്രട്ടറി-1 ഒഴിവ്<br><br>ii)പാനൂർ നഗരസഭ-ഓവർസിയർ ഗ്രേഡ് 1 – 1 ഒഴിവ്<br><br>ഓവർസിയർ ഗ്രേഡ് 2 – 1 ഒഴിവ്<br><br>iii)മൊകേരി ഗ്രാമ പഞ്ചായത്ത്- ഓഫീസ് അറ്റൻഡന്റ് - 1 ഒഴിവ് |
| (ബി) | സാങ്കേതിക വിഭാഗം ജീവനക്കാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വികസന പ്രവർത്തനങ്ങളും പൊതുജന സേവനങ്ങളും വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വികസനപ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പി.എസ്.സി.-യിൽ നിന്നും നിയമനശിപാർശ ലഭ്യമാകുന്ന മുറയ്ക്കോ സ്ഥാനക്കയറ്റം മുഖേനയോ പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ